# കൃതജ്ഞതാശംസ

( ശൂരനാട് കുഞ്ഞൻ പിള്ള )

കേരളത്തിൽ ഇന്നു ജീവിച്ചിരിപ്പുള്ള പ്രഗൽഭമതികളിൽ അദ്വിതീയരായ രണ്ടു പേരാണ് ശ്രീ: ശൂരനാട് കുഞ്ഞൻ പിള്ളയും ഡോ: കെ. ഭാസ്കരൻ നായരും. പണ്ഡിതസാർവ്വഭൗമനാണ് ശ്രീ: ശൂരനാടൻ. ആധുനിക ഭൗതിക ശാസ്ത്രജ്ഞന്മാരിൽ പ്രഥമഗണനീയനായ ഡോ: ഭാസ്കരൻ നായർ ആദ്ധ്യാത്മിക ചിന്തകനും പണ്ഡിതാഗ്രേസരനും കൂടിയാണ്. 1973-ൽ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി, രോഗഗ്രസ്തനായി കഴിഞ്ഞിരുന്ന ശ്രീ ശൂരനാടന്, പുട്ടപർത്തിയിലെ പ്രശാന്തി നിലയത്തിൽ നിന്നും ഡോ: ഭാസ്കരൻ നായർ ഒരു കത്തയച്ചിരുന്നു. പ്രസ്തുത കത്തിനു് നന്ദി പ്രകടിപ്പിച്ചുകൊണ്ടു് ശൂരനാടൻ അയച്ച മറുപടിക്കത്താണ് ചുവടെ ചേർക്കുന്നതു്. ( പത്രാധിപർ )

എത്രമേൽ സമാശ്വാസം, എത്രമേൽ പരാനന്ദം
എത്ര ഞാൻ പ്രാപിച്ചീലാ സ്നേഹ സന്ദേശത്താലേ!
ഭഗവത്പാദാംബുജത്തിൽ നിന്നൊഴുകിയ ദിവ്യ-
സുധയാലഭിഷേകം ചെയ്കയായിരുന്നെന്നെ.
എൻപുണ്യപ്രവാഹത്തിലെൻ കണ്ണു രണ്ടും നീന്തി,
എൻ പൂർവ്വസുകൃതമാ ലേഖത്തിൽ തിരതല്ലി,
തമസ്സിലുഴന്നൊരെന്നന്തരാത്മാവന്നേരം
തമസ്സിന്നപ്പുറത്തൊരൈശ്വര പ്രഭ കണ്ടു.
അഗതിയായോരെന്റെയാത്മ രോദനം കേട്ടു
ഭഗവാൻ കൃപാവർഷം ചെയ്തു സാന്ത്വനം നാംകി. .

ആ ലേഖം — സുഹൃത്തമൻ ഭഗവത്പദത്തിന്നു-
മാലെനിയ്ക്കൊഴിഞ്ഞീടാൻ കൈക്കൊണ്ട ദിവ്യൗഷധം
ആമോദാൽ നുകർന്നെന്റെ രോഗ വൈക്ലബ്യം തീർന്നി—
താമട്ടിലറിഞ്ഞിട്ടില്ലാനന്ദ മന്നോളം ഞാൻ.

2

സത്യ സായ് സ്ഥാനത്തിലെ ഭഗവത് വിഭൂതിക—
ളത്ഭുതം! സർവ്വാഭീഷ്ടദായകം ദുഃഖാപഘ്നം.
ശാസ്ത്രത്തിൽ ഗർവ്വം മാററി സത്യ തേജസിൻ മുൻപിൽ
സാഷ്ടാംഗം നമിക്കുന്ന ''ഭാസ്ക്കരൻ'' മിത്രോത്തമൻ
സ്വർഗ്ഗിയ കാരുണ്യ മാ മ പ്രഭാപൂരംവാരി
നിർഗ്ഗളിച്ച തേറെറന്റെ ചിത്താബ്ജം പ്രഫുല്ലമായ്.

3

ഷഷ്ഠ്യബ്ദാഘോഷത്തിന് ഭഗവത്സന്നിധാന—



Digitized by Kerala Sahitya Akademi

കുറച്ച് കാലങ്ങൾ വീണ്ടും പിന്നിടുന്നതോടെ ആദിമമായ ഭയത്തെ ജയിച്ച്, സ്വന്തം നിലനിൽപിന് വേണ്ടി പടവെട്ടാൻ തങ്ങൾക്കാവുമെന്ന്, അവർക്കു ബോധ്യമാകുന്നു. എന്നാൽ ദേഹത്തിലുപരിയുള്ള ഈ മാനസിക വിശ്വാസം മാനസികമായ അസ്ഥിരതകളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നു. പടവെട്ടിയാൽ വിജയം സാധിക്കാമെന്ന അനുഭവം മറന്നിരിക്കില്ല അവരെ തണുപ്പിൽ നിന്നും ഇരുട്ടിന്റെ ഭയാനകതയിൽ നിന്നും ഒട്ടൊക്കെ രക്ഷിച്ച അഗ്നിയെപ്പോലെ അൽഭുതകരമായ ഒരു ശക്തിയെ അവർ ഭാവനയിൽ കണ്ടിരിക്കാം. അതോടൊപ്പം അന്തരം ' ശത്രുക്കളായ ശക്തികളേയും. അത് മന്ത്രവാദങ്ങളിലേക്കും ഭൂതപ്രേതവിശ്വാസങ്ങളിലേക്കും നയിക്കുന്നു.

ഇത് അവരിൽ മനസ്സിനും അതീതമായ ഒരു ബോധം ഉടലെടുക്കുന്നു എന്നുള്ളതിന്റെ സൂചനയാണ്. ഈ മനസ്സിനും അതീതമായ ബോധം നേടുന്നതോടെയാണ് തത്വചിന്താ പദ്ധതികളും ഈശ്വരവിശ്വാസവും വ്യക്തമായും പ്രത്യക്ഷമാവുന്നത്. അതോടെ സംസ്കാരം ഏററവും ഉന്നതമായ നിലവാരത്തെ കണ്ടെത്തുന്നു. പിന്നീടുള്ള പുരോഗതിയെ സാംസ്കാരിക പുരോഗതി എന്നല്ല ഈശ്വരത്വത്തിലേക്കുള്ള പുരോഗതി എന്നാണ് പറയപ്പെടുന്നത്. അല്ലെങ്കിൽ ജനന മരണപരമ്പരകളിൽ നിന്ന് മോക്ഷം നേടുന്നതിനുള്ള കർമ്മം എന്നാണ്.

മനുഷ്യ സംസ്കാരത്തിന്റെ ഇന്നുവരെയുള്ള സാംസ്കാരിക പുരോഗതിയെ ബുദ്ധിപരമായി ഇങ്ങനെ ചിത്രീകരിക്കാം.

1. ആദ്യമായി ദേഹത്തിൽ ഉപരി 'മാനസികമായ ഒരു ബോധം നേടുന്നു.

2. പിന്നീട് മനസ്സിനും ഉപരി വ്യക്തമായ ഞാനെന്ന ബോധം നേടുന്നു.

3. ഞാനെന്നബോധത്തെ സ്വാതന്ത്ര്യത്തിന്റെ ഉന്നത പരിധികളിൽ എത്തിക്കാനുള്ള പരിശ്രമം തുടരുന്നു.

ഒടുവിൽ പറഞ്ഞ സ്വാതന്ത്ര്യത്തിനായുള്ള പരിശ്രമത്തിന്, ലോകസമൂഹം വ്യക്തമായും വിഭിന്നമായ രണ്ട് പാതകളിലൂടെയാണ് നീങ്ങുന്നത്. ഒന്ന് പൗരസ്ത്യമായ ആത്മയ പാതയും രണ്ടാമത്തേത് പാശ്ചാത്യമായ ഭൌതീക പാതയും. എന്നാൽ ഭൌതീകമായി മനുഷ്യന് സ്വാതന്ത്ര്യം അസാദ്ധ്യമാണെന്ന വസ്തുത ഇന്ന് കൂടുതൽ വ്യക്തമായി വരുകയാണ്.

വിവിധയിനം
വാച്ചുകൾ!
ക്ലോക്കുകൾ!
ടൈംപീസുകൾ!
എന്നിവ കമ്പനി വിലയ്ക്കു ലഭിക്കുന്നതിനു നെയ്യാററിൻകര ബസ്സ്ററാൻറിനു സമീപം
ഗംഗാ ട്രേഡേഴ്സിനെ സമീപിക്കുക.



Digitized by Kerala Sahitya Akademi

മിഷ്ടാർത്ഥ സിദ്ധിയ്ക്കായി പ്രാപിച്ചെൻ സുകൃദ്‌വരൻ,
ശാസ്ത്രത്തിൽ, സാഹിത്യത്തിൽ, സംസ്ക്കാരപ്രവാഹത്തിൽ
കീർത്തനീയമാം മേൻമ നേടിയ മേധാശാലി
പൂർവ്വപുണ്യായത്തമാം മധ്യാത്മബോധത്തിനാൽ
സർവ്വ മംഗളാത്മാവിൻ ഭക്തനായ്ധന്യോത്തമൻ.

4

ഐശ്വര പ്രശാന്തി തന്നത് ഭൂതനിലയത്തി—
ലാശ്ചര്യ ദിവ്യാനന്ദ മായികാപ്രഭൂതിയിൽ
ഭൗതികാധിയിൽ പൊരിഞ്ഞാത്മ ശാന്തിയ്ക്കായ്‌വന്ന
സാധു വൃന്ദത്തിൻ ഭക്തികല്ലോല സല്ലാപത്തിൽ
ഭഗവാൻ പൊഴിച്ചീടും കരുണാവിഭൂതിയാൽ
പരമാനന്ദം നേടിജൻമസാഫല്യം കൊൾകെ,
ഈശ്വര പ്രസാദമായ് സഹധർമ്മിണി ''രത്ന—
മാശപോൽ പതക്കത്താൽ ഭൂഷിതയായപ്പോഴും
സ്നേഹത്താൽ പ്രചോദിതൻ പ്രാർത്ഥിച്ചതെന്താണെന്നോ?
സ്നേഹിതന്നാരോഗ്യവും രോഗ മുക്തിയുംതന്നെ.
ആർത്തസംരക്ഷാകാര്യാൽലോകാനുഗൃഹംചെയ്യും
മർത്ത്യരൂപിതൻ കൃപാമാത്രമായ്ഞാനന്നേരം.

5

ഇദ്ദയാ വായ്പിൻ കടം തീർത്തിടാനെളുപ്പമോ?
നിത്യമെൻ കൃതജ്ഞതാസ്തോത്രമായ് നിൽക്കട്ടത്!
ഹാ! കൃതജ്ഞതയെന്നോ? ഞാനതിൻ സത്യംകണ്ടേൻ—
ആകാശപുഷ്പത്തിന്റെ സൗരഭ്യ മല്ലെയത്?
നീചൻമാർ,കൃതഘ്നൻമാർ വെന്നീടും കാലത്തെന്ത്
ഞാൻ കൃതജ്ഞതാ ബോധ വേദാന്തം ഘോഷിയ്ക്കയൊ?
നന്ദിവാക്കോ തുന്നീല സുഹൃത്തേ ഭവാനുഞാൻ
എന്നേയ്ക്കും കടപ്പെട്ടോൻ അങ്ങേയ്ക്കായ് പ്രാർത്ഥിപ്പവൻ
സ്വാർത്ഥ മല്ലല്ലോ ഭവാൻ വരമായർത്ഥിച്ചത്
മൂർത്തിമത്താകും ദൈവം മുന്നിൽ ഞാൻനിന്നപ്പോഴും.
ഹാ! ഭവാൻ പൂജിപ്പോരാ ഭഗവാൻ കനിഞ്ഞെങ്കൽ
ത്തൂകുവാനല്ലോ ദയാവായ്പിനാൽ പ്രാർത്ഥിച്ചത്!
ആ വര പ്രസാദത്താൽ ധന്യൻ ഞാൻ അർത്ഥിക്കട്ടെ
ആദൈവ മഹസ്സങ്ങേയ്ക്കേകുവാൻ സർവ്വോൽക്കർഷം.



Digitized by Kerala Sahitya Akademi